(ഇ, എഫ്) 1-7-2000 മുതൽ നിലവിലുണ്ടായിരുന്ന ഏജൻസി കമ്മീഷനായ ഒരു ലിറ്റർ പാലിന് 45 പൈസ എന്നുള്ളത് 52 പൈസയായി വർദ്ധിപ്പിക്കുകയും ഇതിൽനിന്ന് രണ്ടു പൈസ മാറ്റി വച്ച് മിൽമാ ഏജന്റുമാർക്കായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വേണ്ടിയുള്ള തീരുമാനം എടുക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2001 ഏപ്രിൽ മുതൽ ഏജന്റുമാർ വിൽക്കുന്ന പാലിന്റെ കമ്മീഷനിൽ നിന്നും 2 പൈസ മാറ്റി വച്ചത് അവരുടെ ആവശ്യപ്രകാരം പ്രസ്തുത തുക തിരികെ നൽകുകയും 2002 ഒക്ടോബർ 1-നുശേഷം ഏജന്റുമാർ പാൽവില അടയ്ക്കുമ്പോൾ ഒരു ലിറ്ററിന് മൊത്തം കമ്മീഷൻ തുകയായ 52 പൈസ കഴിച്ചുള്ള ബാക്കി പൈസ മാത്രം അടച്ചാൽ മതിയെന്ന് തീരുമാനിക്കുകയും ചെയ്തു. അതിനാൽ മിൽമയുടെ ഭാഗത്തുനിന്നും ഏജന്റുമാർക്കായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടില്ല.

കേരള വെറ്ററിനറി യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതിന് നടപടി

96 [3377] ശ്രീ. കെ. കെ. ഷാജു:
„ എ. എൻ. രാജൻബാബു:
„ ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേരള വെറ്ററിനറി യൂണിവേഴ്സിറ്റി രൂപീകരിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ;

(ബി) നിലവിൽ ഇന്ത്യയിൽ ഏതൊക്കെ സംസ്ഥാനത്ത് വെറ്ററിനറി യൂണിവേഴ്സിറ്റികൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങളോ പഠന റിപ്പോർട്ടുകളോ സർക്കാരിന്റെ മുമ്പിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഇന്ത്യയിൽ മഹാരാഷ്ട്ര, തമിഴ്നാട്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ വെറ്ററിനറി യൂനിവേഴ്സിറ്റികൾ നിലവിലുണ്ട്.

(സി) സംസ്ഥാനത്ത് ഒരു വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബ്ലൂ ക്രോസ് സൊസൈറ്റി ഓഫ് തൃശൂർ സർക്കാരിന് ഒരു നിവേദനം നൽകിയിരുന്നു. സംസ്ഥാനത്ത് പുതിയ വെറ്ററിനറി യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നതിനോട് ഐ. സി.എ.ആർ. അനുകൂലമല്ലെന്ന് കാർഷിക സർവകലാശാല സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly-